"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് - മടവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.04.2025-ലെ 7/1, 20.05.2025-ലെ 12/1 എന്നീ തീരുമാനങ്ങൾ സ്റ്റേ ചെയ്തുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന് റഫർ ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1511/2025/LSGD തീയതി, തിരുവനന്തപുരം, 19-06-2025

---

പരാമർശം:-

1. മടവൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30.04.2025-ലെ 7/1 നമ്പർ തീരുമാനം.
2. മടവൂർ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 20.05.2025-ലെ 12/1 നമ്പർ തീരുമാനം.
3. മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.06.2025-ലെ എ5/1489/2025 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മടവൂർ ഗ്രാമപഞ്ചായത്ത് 3-ാം വാർഡിൽ ശ്രീ. നിയാസ് ബൈത്തുൽ റൈഹാൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള മടവൂർ വില്ലേജിൽ സർവ്വെ നമ്പർ 101/1-ൽ പ്പെട്ട 4 സെന്റ് വസ്തുവിൽ ഇൻഡസ് ടവേഴ്സസ് എന്ന ടെലികോം കമ്പനി ടവർ നിർമ്മിക്കുന്നതായുള്ള പൊതുജനങ്ങളുടെ പരാതി ചർച്ച ചെയ്ത 30.04.2025-ലെ മടവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം, ജനസാന്ദ്രത കൂടിയ ഈ പ്രദേശത്ത് ടവർ നിർമ്മിക്കുന്നത് സ്കൂളുകൾ, അംഗൻവാടികൾ, ജനങ്ങൾ എന്നിവർക്ക് അമിത ഫ്രീക്വൻസിയിൽ പ്രസരിക്കുന്ന റേഡിയേഷൻ മൂലം പലവിധ മാനസിക-ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായുള്ള പ്രദേശവാസികളുടെ ആകുലത പരിഗണിച്ച് ടി മൊബൈൽ ടവർ പ്രദേശത്ത് നിന്നും മാറ്റി വിജനമായ ജനവാസമില്ലാത്ത മറ്റ് സ്ഥലത്ത് സ്ഥാപിക്കുന്നതിന് മൊബൈൽ കമ്പനിക്ക് നിർദ്ദേശം നൽകുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നതിന് പരാമർശം (1) പ്രകാരം ഏകകണ്ഠമായി തീരുമാനിച്ചിരുന്നുവെന്നും 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ അധ്യായം XVIII-ന്റെ അടിസ്ഥാനത്തിൽ ടവർ നിർമ്മാണത്തിന് സ്റ്റോപ്പ് മെമ്മോ നൽകേണ്ട ആവശ്യമില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി തീരുമാനം പുനഃപരിശോധിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെന്നും തുടർന്ന് ഇക്കാര്യം 20.05.2025-ലെ ഭരണസമിതി യോഗത്തിൽ പരിശോധിക്കുകയും അമിത റേഡിയേഷൻ മൂലം മാനസിക ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന ആശങ്ക നിലനിൽക്കുന്നതിനാൽ സ്റ്റോപ്പ് മെമ്മോ അടക്കമുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി പരാമർശം (3) പ്രകാരം പഞ്ചായത്ത് സെക്രട്ടറി

റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) മൊബൈൽ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ടി തീരുമാനങ്ങൾക്ക് പഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും ടി തീരുമാനങ്ങൾ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മടവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.04.2025-ലെ 7/1, 20.05.2025-ലെ 12/1 എന്നീ തീരുമാനങ്ങൾ നിയമാനുസൃതമല്ലെന്ന് പ്രഥമദൃഷ്ട്യാ കാണുന്നതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(4) പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് പ്രസ്തുത തീരുമാനങ്ങൾ സ്റ്റേ ചെയ്തും വകുപ്പ് 191(2) പ്രകാരം ടി തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന് റഫർ ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, . കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം 695035 (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തും സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, മടവൂർ ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 19-06-2025 14:46:56
സെക്ഷൻ ഓഫീസർ